ശ്രീ. കെ. സി. ഏബ്രഹാം: ഞാറയ്ക്കലും, മുനമ്പവും കേരളത്തിലെ പ്രധാനപ്പെട്ട രണ്ട് മത്സ്യവ്യവസായ കേന്ദ്രങ്ങളാണ്. അവിടെ മീൻ പിടിക്കുന്നതിനു് യാതൊരു സൗകര്യവും ചെയ്യ കൊടുക്കുന്നില്ല. അവിടെ ഒരു ഫിഷിംഗ് ഹാർബർ ഉണ്ടാക്കുന്ന കാര്യം ആലോചിക്കുമോ?

ശ്രീ. കെ. കുഞ്ഞമ്പു: വിദഗ്ദ്ധാഭിപ്രായംകൂടി നോക്കിയാണ് ഫിഷിംഗ് ഹാർബറിനെ സംബന്ധിച്ചു നടപടി ഗവണ്മെന്റ് എടുക്കുന്നതു്. ഫിഷിംഗ് ഹാർബറിനെ സംബന്ധിച്ചു് അന്വേഷിച്ച ഉദ്യോഗസ്ഥൻ അവിടെ ഫിഷിംഗ് ഹാർബറിനു് ശുപാർശ ചെയ്യുകയില്ല; ഒരു ബോട്ടുജട്ടി മാത്രമേ ഉണ്ടാക്കാൻ സൗകര്യമുള്ള എന്നാണു് റിപ്പോർട്ട് ചെയ്തിട്ടുള്ളതു്.

ശ്രീ. എ. എ. റഹിം: രണ്ടാം പഞ്ചവത്സരപദ്ധതിക്കാലത്തു് ആരംഭിച്ച വിഴിഞ്ഞം ഹാർബറിന്റെ അവസ്ഥ എന്താണെന്നു പറയാമോ? ഇതു് മൂന്നാം പദ്ധതിക്കാലത്തെങ്കിലും അവസാനിപ്പിക്കാൻ കഴിയുമോ?

ശ്രീ. കെ. കുഞ്ഞമ്പു: മൂന്നാം പഞ്ചവത്സരപദ്ധതിയുടെ അവസാന കാലത്തു് പൂർത്തിയാക്കാൻ സാധിക്കുകയില്ല. അവിടത്തെ പ്രവർത്തനത്തിനാവശ്യമുള്ള ഭൂമികളൊക്കെ അക്വയർ ചെയ്തു കഴിഞ്ഞിട്ടുണ്ടു്. അപ്രോച്ചു് റോഡിന്റെ പ്രവൃത്തി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ടു്. ആവശ്യമായ ഉപകരണങ്ങൾക്കും പ്ലാന്റിനും ടെൻഡർ വിളിച്ചുകഴിഞ്ഞിട്ടുണ്ടു്. ഇക്കൊല്ലത്തെ ബഡ്ജറ്റിൽ 5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടു്. ജനുവരി മാസംവരെ മൂന്നര ലക്ഷം രൂപ ചെലവാക്കുകയും ചെയ്തിട്ടുണ്ടു്. ഇക്കൊല്ലം നീക്കിവച്ച 5 ലക്ഷം രൂപയും മാർച്ചു് അവസാനത്തോടുകൂടി ചെലവാക്കാൻ സാധിക്കുമെന്നാണു് ഗവണ്മെന്റു് വിചാരിക്കുന്നതു്.

WRITTEN ANSWERS

ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകൾ

* 674. [27] ശ്രീ. പി. കെ. നാരായണൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്ടു് ജില്ലയിൽ 1964–65 വർഷത്തിൽ ഏതെല്ലാം റൂട്ടുകളിലാണു് സ്റ്റേറ്റു് ട്രാൻസ്പോർട്ടു വക ഫാസ്റ്റു് പാസഞ്ചർ സർവ്വീസുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നതു്;

(ബി) ജലസേചന–വിദ്യുച്ഛക്തി പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കുറ്റ്യാടി പ്രദേശത്തേക്കു് യാത്രക്കാർ വളരെ വർദ്ധിച്ചതിനാൽ കോഴിക്കോട്ടുനിന്നും ബാലുശ്ശേരി വഴിക്കും, പേരാമ്പ്ര വഴിക്കും വടകര വഴിക്കും ഓരോ ഫാസ്റ്റു് പാസഞ്ചർ സർവീസുകളെങ്കിലും തുടങ്ങുവാൻ വേണ്ടുന്ന നിർദ്ദേശം നൽകുവാൻ ദയവുണ്ടാകുമോ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ):

(എ) തീരുമാനമൊന്നുമെടുത്തിട്ടില്ല.

(ബി) തൽക്കാലം നിവൃത്തിയില്ല.

ഗവണ്മെന്റു പരസ്യങ്ങളും ദിനപത്രങ്ങളും

* 675. [31] ശ്രീ. ആർ. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഏതെല്ലാം ദിനപ്പത്രങ്ങൾക്കു് ഗവണ്മെന്റുവക പരസ്യങ്ങൾ കൊടുക്കുന്നുണ്ടു്;

(ബി) ഓരോന്നിനും ആണ്ടിൽ എത്ര ഉറുപ്പികവീതം പരസ്യങ്ങളുടെ ഇനത്തിൽ കൊടുത്തു എന്നതിന്റെ ഇനവിവരം പട്ടിക മേശപ്പുറത്തു വയ്ക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly